ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

ചെറിയ വെയിറ്റിംഗ് ഷെഡ്ഡുകളുടെ കാര്യം 63 എണ്ണം പണിയുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ബസ്സ് സ്റ്റേഷൻകളിലല്ലാതെ വെയിറ്റിംഗ് ഷെഡ്ഡുകളോടനുബന്ധിച്ച് മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യങ്ങൾ നിർമ്മിക്കാനുദ്ദേശിക്കുന്നില്ല.

ഡിപ്പാർട്ട്മെൻറ് ജീവനക്കാരുടെ നിവേദനങ്ങൾ.

* 1784 [32] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിപ്പാർട്ട്മെൻറ് ജീവനക്കാർക്ക്, ഡിപ്പാർട്ട്മെൻറിൽക്കൂടിയല്ലാതെ നേരിട്ട് മന്ത്രിമാരെ സമീപിച്ച് നിവേദനങ്ങൾ നടത്തുവാൻ ഇന്ന് നിയമപ്രകാരം അനുവാദമുണ്ടോ ;

(ബി) ഡിപ്പാർട്ട്മെൻറിന്റെ ശിക്ഷണത്തെ കെടുത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിന് ഗവണ്മെൻറ് എന്തെങ്കിലും നടപടി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്) :

(എ) ഇല്ല.

(ബി) ഗവണ്മെൻറ് ജീവനക്കാരുടെ ഇത്തരം പ്രവർത്തനങ്ങൾ ഗവണ്മെൻറ് സർവ്വൻറ്സ് കോൺഡക്റ്റ് റൂൾസിനു വിരുദ്ധമാണെന്നും മേലാൽ അവ ഗൗരവമായ കുറ്റമായി വീക്ഷിക്കുന്നതാണെന്നും സർക്കുലർ മുഖേന അവരെ ധരിപ്പിച്ചിട്ടുണ്ട്.

ഗവണ്മെൻറ് സർവ്വീസിലെ നിയമനം സംബന്ധിച്ച് പട്ടിക വർഗ്ഗക്കാർക്കുള്ള സൗജന്യം.

* 1785. [33] ശ്രീ. കെ. കുഞ്ഞാമു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറ് സർവ്വീസിലേക്കുള്ള നിയമനം നടത്തുന്നതു സംബന്ധിച്ച് പട്ടിക ജാതി, പട്ടിക വർഗ്ഗക്കാർക്ക് സൗജന്യങ്ങൾ നൽകുന്ന നിയമങ്ങളെ ഗവണ്മെൻറ് പുനഃപരിശോധന ചെയ്യുകയുണ്ടായോ ; ഉണ്ടെങ്കിൽ അതെന്താണ് ;

(ബി) സ്റ്റേറ്റിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 10 ശതമാനം റിസർവ്വേഷൻ വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കുകയുണ്ടായോ ;

(സി) മദിരാശി ഗവണ്മെൻറ് പട്ടികജാതി, പട്ടികവർഗ്ഗങ്ങൾക്കു ഗവണ്മെൻറ് സർവ്വീസിലേക്കുള്ള നിയമനങ്ങളിൽ പതിനഞ്ചര ശതമാനം റിസർവ്വേഷൻ അനുവദിച്ചതുപോലെയെങ്കിലും കേരളത്തിലെ ഹരിജനങ്ങൾക്കു റിസർവ്വേഷൻ ലഭിക്കുന്നതിനു ഗവണ്മെൻറ് ആലോചിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്) :

(എ, ബി, സി) പിന്നോക്കസമുദായങ്ങൾക്കും, പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും പബ്ലിക് സർവ്വീസിലേക്കുള്ള നിയമനങ്ങളിലേക്ക് അനുവദിച്ചിട്ടുള്ള സംവരണ വ്യവസ്ഥകൾ പൊതുവേ ഒന്നു പുനഃപരിശോധിക്കുകയും നിലവിലുള്ള റൂൾസിൽ വ്യത്യാസം ഒന്നും ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly